# കോളേജിൽ വിദ്യാർത്ഥിനികൾക്കായി സ്വയം രക്ഷാ പരിശീലന പരിപാടി നടത്തി.



സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിനും, വനിതകൾക്ക് ആത്മവിശ്വാസം നൽകുന്നതിനും, അതിക്രമ സാഹചര്യങ്ങളെ കൂടുതൽ കരുത്തോടെ നേരിടുന്നതിനും, കായികവും, മാനസികവും സാമൂഹികവുമായ ലളിതമായ പ്രതിരോധ തന്ത്രങ്ങൾ അടങ്ങുന്ന സ്വയം രക്ഷാ പരിശീലന പരിപാടി എറണാകുളം റൂറൽ ജില്ലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി കോലഞ്ചേരി MOSC നേഴ്സിംഗ് കോളേജിൽ വിദ്യാർത്ഥിനികൾക്കായി സ്വയം രക്ഷാ പരിശീലന പരിപാടി നടത്തി.

എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS ന്റെ നിർദ്ദേശാനുസരണം ജില്ലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പരിശീലന പരിപാടിയിൽ ആലുവ വനിതാ സെൽ സബ്ബ് ഇൻസ്പെക്ടർ ഉഷ.എ.എസ്, സീനിയർ സിവിൽ പോലീസ് ഓഫീസർ സിന്ധു.എം.കെ, സിവിൽ പോലീസ് ഓഫീസർ അമ്പിളി.എം.എം, ജിഷാദേവി.വി.ജെ, എന്നിവർ വിദ്യാർത്ഥിനികൾക്കായി പരിശീലനം നൽകി, കൂടാതെ നിയമബോധൽക്കരണ ക്ലാസ്സും നടത്തി.